Talented Bankers Literary Panel
പുസ്തകപരിചയം 92

പുസ്തകം പരിചയപ്പെടുത്തുന്നത്,
നവീൻ രമണൻ, ബാങ്ക് ഓഫ് ഇന്ത്യ,
എംജി റോഡ് ശാഖ, എറണാകുളം.

**പടിഞ്ഞാറെ കൊല്ലം ചോരക്കാലം,**
**ജി ആർ ഇന്ദുഗോപൻ.**

നഷ്ട പ്രണയത്തിന്റെ, ദുരഭിമാനത്തിന്റെ, പകയുടെ ചോരയിൽ കുതിർന്ന കഥകൾ.

1. പടിഞ്ഞാറെ കൊല്ലം ചോരക്കാലം

കൊല്ലത്ത് നടന്ന ഒരു വർഗീയ ലഹളയുടെ പശ്ചാത്തലത്തിൽ എഴുതിയ കഥ. താൻ കൊല്ലപ്പെട്ടാൽ അതിന് ഉത്തരവാദി ആയ വ്യക്തിയെ കൊന്നു, തള്ള വിരൽ മുറിച്ച്, തന്റെ മരണ വിവരമുള്ള പത്രത്താൾ സഹിതം മാതാവിനെ കാണിച്ചാൽ പകരം 13 പവൻ സ്വർണ മാല ഇനാം ആയി ലഭിക്കുക എന്ന മോഹന വാഗ്ദാനം എത് ക്വട്ടേഷൻ ടീമിനെയും പ്രലോഭിപ്പിക്കും. പ്രത്യേകിച്ചും, തൊഴിൽ മാന്ദ്യം നേടുന്ന ഒരു സമയത്ത്. ഇര ആയി ചൂണ്ടി കാണിക്കപ്പെട്ട വ്യക്തി നിരപരാധി ആണോ എന്നിവിടെ പ്രസക്തമല്ല. ഏൽപ്പിച്ച ജോലി ചെയ്തു അതിന്റെ കൂലി വാങ്ങുക. അതാണ് ഒരു വാടക കൊലയാളിയുടെ/ ക്വട്ടേഷൻ ഗ്രൂപ്പിന്റെ അലിഖിത നിയമം.

വിധവ ആയ തന്റെ മാതാവിനെ പ്രലോഭിപ്പിക്കുന്നവൻ ആണ് ക്വട്ടേഷന് ഇര ആകേണ്ടത് എന്ന് തീരുമാനിച്ച മകൻ. എട്ടും പൊട്ടും തിരിയാത്ത പ്രായത്തിൽ അവന് ഹീറോ സിനിമാ താരങ്ങളല്ല , മറിച്ച് തലസ്ഥാനത്തെ ക്വട്ടേഷൻ പാർട്ടികൾ ആണെന്ന് അറിയുന്ന കഥയിലെ വില്ലൻ എന്ന് മുദ്ര കുത്തപ്പെട്ട ഇരയുടെ സങ്കടം ഒരു വശത്ത് . ജീവിതത്തിൽ ആദ്യമായി തോന്നുന്ന പ്രണയത്തെ സമൂഹം മറ്റൊരു കാഴ്ചപ്പാടോടെ കാണുന്ന സങ്കടം മറുവശത്തും.

18 തികഞ്ഞു , അട്ടക്കുളങ്ങര ജയിലിൽ നിന്നും ഇറങ്ങിയ അവനെ ആരോ ആളു മാറി വെട്ടി കൊല്ലുന്നു. ഒറ്റ വെട്ടിന് തലയും ഉടലും വേറെ.

വിധവ ആയ തനിക്ക് ഒരു തുണ ആകേണ്ട ഏക മകന്റെ മരണം ഏൽപ്പിക്കുന്ന ആഘാതം ഒരു വശത്ത്. മറു വശത്ത് കുറ്റാരോപിതൻ ആയ വ്യക്തി നിരപരാധി ആണെന്ന് അറിയുന്ന, ഇരയുടെ ഒപ്പം നില്ക്കാൻ കഴിയാത്ത ധർമ്മസങ്കടം പേറുന്ന കഥയിലെ നായിക. അവരുടെ സൽപ്പേരിന് കളങ്കം

ഉണ്ടാകാതിരിക്കാൻ കൊലയുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന മജീദ്.

ഐസ് കട്ട മജീദ് എന്ന കുറ്റാരോപിതൻ തന്റെ നിരപരാധിത്വം തെളിയിക്കാൻ നേരിട്ട് ലൈല താത്തയെ കാണുവാൻ പോകുന്നു. അതിലാണ് ട്വിസ്റ്റ് . ഒരു ഇന്ദുഗോപൻ ടച്ച്.

ഇതിനിടയ്ക്ക് മജീദിനെ കൊല്ലാൻ തക്കം പാർത്തു വരുന്ന അറവു ശശി എന്നൊരു അപ്രധാന കഥാപാത്രം കൂടി ഇതിലുണ്ട്.

2. തീവണ്ടിയിലെ തടവുകാരൻ

നേരത്തെ പറഞ്ഞ ഗുണ്ട ആണ് ഇക്കഥയിലെ നായകൻ. കൊണ്ടും, കൊടുത്തും മുന്നോട്ട് പകയുടെ കനലും ആയി പോകുന്ന അസംഖ്യം ഗുണ്ടകൾക്ക് ഇടയിലെ ഒരു അപ്രധാന കണ്ണി. ഇന്നോ നാളെയോ ആരുടെ എങ്കിലും കത്തി മുനയിൽ തീരുന്നതാണ് തന്റെ ജീവിതം എന്ന് അറിഞ്ഞിട്ടും , മുന്നോട്ട് തന്നെ ജീവിത ചക്രം ചവിട്ടേണ്ടി വരുന്ന ഹത ഭാഗ്യവാൻമാരിൽ ഒരുവൻ.

ദുരഭിമാനത്തിന്റെ പേരിൽ താൻ കൊന്ന വ്യക്തിയുടെ മകനെ തന്നെ സ്വന്തം മകൾ വിവാഹം കഴിക്കും എന്നറിയുന്ന നിസ്സഹായകനായ കഥാപാത്രം. അതേ വിവാഹത്തിന് പങ്കെടുക്കരുതെന്ന് താണേക്ഷിക്കുന്ന ഭാര്യയും മറ്റൊരു വശത്ത്.

ഇവർക്കിടയിൽ ഒപ്പം യാത്ര ചെയ്യേണ്ടി വരുന്ന കഥാകൃത്തും ..താൻ എന്തിനുവേണ്ടി പരിശ്രമിച്ചുവോ; അത് ഫലപ്രദമാക്കുന്നതിലുപരി അതിനു മുന്നിൽ പരിഹാസ്യനാകേണ്ടി വരുന്ന ഒരു മനുഷ്യന്റെ മൗന വ്യഥകൾ ആണ് ഈ ചെറു കഥ.

3. ശംഖുമുഖി

തിരുവനന്തപുരമാണോ തിരു അരണ്ടപുരമാണോ ശരി ? കൊല്ലും,കൊലയും ഇന്നോ ഇന്നെലെയോ തുടങ്ങിയതല്ല നമ്മുടെ തലസ്ഥാന നഗരിയിൽ . രാജ വാഴ്ചയുടെ കാലത്തു തന്നെ അത് ഒരു നിത്യ സംഭവം ആയിരുന്നല്ലോ ? അധികാരത്തിനും, പ്രാമാണിത്തതിനും വേണ്ടി ദശകങ്ങൾ ആയി തുടരുന്ന ചോരച്ചാലുകൾ ഇന്ന് അധോലോകങ്ങളിലേക്ക് വളർന്നിരിക്കുന്നു എന്ന ഒരു വ്യത്യാസം മാത്രം .

ജോലി സംബന്ധം ആയി തിരുവനന്തപുരത്ത് എത്തുന്ന ആനന്ദിനും ഭാര്യ ബിനുവിനും ആകസ്മികമായി ഒരു അതിഥിയെ ലഭിക്കുന്നു. അതും സ്പെഷ്യൽ ബ്രാഞ്ചിൽ നിന്നും ഉള്ള ഒരു ഉദ്യോഗസ്ഥൻ. തന്റെ ഭാര്യയുടെ ഭൂതകാലം അത്ര മേൽ ഇരുണ്ടതാണെന്ന് ആ പോലീസുകാരനിൽ നിന്നും ആനന്ദ് അറിയുന്നു. ഒരു

പാറ്റയെയോ പല്ലിയെയോ കണ്ടാൽ ഭയപ്പെടുന്ന തന്റെ ഭാര്യ സിറ്റിയിലെ ഒരു നോട്ടോറിയസ് ക്രിമിന ലും , പോലീസ് രേഖകൾ പ്രകാരം പിടികിട്ടാപുള്ളിയും ആണെന്ന് അറിഞ്ഞാൽ എത് ഭർത്താവാണ് ഞെട്ടാത്തത് ? വർഷങ്ങൾക്കു മുമ്പ് തന്റെ ഭാര്യാ സഹോദരൻ കൊല്ലപ്പെട്ടത് ഒരു അപകടത്തിൽ അല്ല, മറിച്ചു അധോലോകങ്ങൾ തമ്മിൽ ഉള്ള കുടിപ്പക മൂലം ആണെന്ന് അതേ പോലീസുകാരനിൽ നിന്നും ആനന്ദ് മനസിലാക്കുന്നു. ഇതിന്റെ സത്യാവസ്ഥ അറിയുന്നതിനും, നിരപരാധി ആയ തന്റെ ഭാര്യയെ നിയമത്തിന്റെയും അധോലോകത്തിന്റെയും കരങ്ങളിൽ നിന്നും രക്ഷിക്കുന്നതിന് ആനന്ദിൻറെ ഓട്ടം ഇവിടെ തുടങ്ങുന്നു.

കുടിപ്പക

ഏറ്റവും അടുപ്പം ഉള്ളവരുടെ മരണത്തിന് ഹേതു ആകുന്നവരോട് പെട്ടെന്നു ക്ഷമിക്കാൻ ഇരയുടെ കുടുംബാംഗങ്ങൾക്ക് കഴിഞ്ഞെന്നു വരില്ല . മറക്കാനും, പൊറുക്കാനും ശ്രമിച്ചാലും ഒഴിഞ്ഞു പോയവരുടെ നിരയിൽ നമ്മളറിയാതെ ചിലർ നമ്മെ നേതാവായി വാഴിക്കും. ചിലർക്ക് അത് രക്ത ബന്ധത്തിന്റെ പേരിൽ ആണെങ്കിൽ, മറ്റ് ചിലർക്ക് അത് പുതിയ നേതാവിന്റെ കീഴിൽ പക വീട്ടി തീർക്കാൻ ആയിരിക്കും.

ഇനിയൊരു കൂട്ടർ കൂടി ഉണ്ട്. ഏറ്റവും നിരുപദ്രവികൾ ആണെന്ന് തോന്നുമെങ്കിലും കൂട്ടത്തിൽ (സമൂഹത്തിൽ) അപകടകാരികൾ ആയവർ. സ്വന്തം സ്വാർത്ഥ ലാഭത്തിനു വേണ്ടി ഇരയുടെ ഒഴിവിൽ നേരത്തെ സൂചിപ്പിച്ച പോലെ അടുത്ത ബന്ധുക്കൾ ആയ ആരെയെങ്കിലും അവരറിയാതെ അവരോധിച്ചു കൊണ്ട് വന്നു പ്രശ്നംആ രൂക്ഷമാക്കുന്നവർ . ഇവരുടെ രംഗബോധം ഇല്ലാത്ത പ്രവർത്തി മൂലം നീണ്ടു പോകുന്ന കുടിപ്പകകൾ . ഇവ എല്ലാം ചേർന്ന് ഒരു അപൂർവ ലോകം കഥാകാരൻ നമുക്ക് മുന്നിൽ തുറന്നു തരുന്നു. ഒറ്റ ഇരിപ്പിനു വായിച്ചു പോകുന്ന തരത്തിലുള്ള പതിവ് രചന. ഒട്ടും മുഷിപ്പിക്കാതെയും, കഥയുടെ രസചരട് മുറിക്കാതെയും.

തന്റേതല്ലാത്ത കാരണത്താൽ ഒരു ക്വട്ടേഷൻ ഗ്രൂപ്പിന്റെ നേതാവ് പദവി ഏറ്റെടുക്കേണ്ടി വരുന്ന മധുസൂദനൻ എന്ന കൊട്ട മധു. ചേരിപ്പോരിനിടയിൽ കൊട്ട മധുവിന്റെ ആൾക്കാരാൽ കൺമുന്നിൽ സ്വസഹോദരൻ കൊല്ലപ്പെടുന്നത് കാണേണ്ടി വരുന്ന ബിനു എന്ന പെൺകുട്ടി, വേണ്ടെന്നു വച്ചിട്ടും സാഹചര്യങ്ങൾ മൂലം കുറ്റവാളി പദവി ഏറ്റെടുക്കേണ്ടി വന്ന രണ്ടു പേരാണിവർ. ഇവർക്കിടയിൽ നേതാവിനു വേണ്ടി സ്വജീവിതം പോലും ഹോമിക്കാൻ തയ്യാറുള്ള ഒരു പിടിപച്ച മനുഷ്യരും. കൊന്നും, കൊല വിളിച്ചും മുന്നേറുമ്പോൾ നഷ്ടമാകുന്നത് ജീവിതത്തിന്റെ സ്വൈരതയും , ഒപ്പം കുടുംബങ്ങളുടെ സുരക്ഷയും. ഏതു നേരവും ജീവനെടുക്കാൻ എതിർ

ചേരിയിൽ നിന്നും ആരെങ്കിലും ഒരാൾ ഏതെങ്കിലുമൊരു വേഷത്തിൽ എത്തുമെന്ന ഭീതിയിൽ ജീവിതം ജീവിച്ചു തീർക്കേണ്ടി വരുന്നവർ.

വേണ്ടെന്നു വച്ചിട്ടും പകയുടെ യുദ്ധ ഭൂമിയിൽ പട ചട്ട അണിയേണ്ടി വന്ന് ഇനിയൊരു തിരിച്ചു പോക്ക് സാധ്യമല്ലാത്തൊരു ജീവിതത്തിന് അടിമയാകേണ്ടി വന്നവർ. വളർത്തി കൊണ്ട് വരുന്നവർ തന്നെ യജമാനന്മാരുടെ അന്തകരായി മാറുന്ന കാഴ്ച.

ക്രിമിനൽ പദവി ഉണ്ടെന്നു പറയുന്ന തന്റെ ഭാര്യയെ രക്ഷിക്കാൻ ഏതറ്റവും വരെ പോകാനും ആനന്ദ് തയ്യാറാകുന്നു . തന്റെ പത്നി നിരപരാധിയാണെന്നാണ് ആനന്ദിന്റെ ഉറച്ച വിശ്വാസം. ആ വിശ്വാസവും സത്യസന്ധതയും ബോധ്യം ആയതിനാൽ കൊട്ട മധുവിന്റെ വീടിന്റെ വാതിൽ ആനന്ദിന് മുന്നിൽ തുറക്കുന്നു. ഒപ്പം മധുവിന്റെയും ഭാര്യ പ്രമീളയുടെയും മനസ്സും.

ഒരിക്കലും എരിഞ്ഞു തീരാത്ത പകയുടെ കനലുകൾ ചാരം മൂടി കിടന്നാലും ആരെങ്കിലും അത് ഊതി ആളിക്കത്തിക്കുന്ന കാഴ്ചയുടെ നേർ ചിത്രം ആണ് ഈ രചന. ഒരു വേള ആരോടൊപ്പം നിൽക്കും എന്ന് നമുക്ക് പോലും സന്ദേഹം ഉണ്ടായിപോകും.

ഇതിന്റെ ഒടുക്കം എന്തെന്ന് പറയുന്നില്ല. വായിച്ച് അറിയുക.

മനസ്സിരുത്തി വായിക്കാവുന്ന കൃതി.

പ്രസാധകർ - ഡി സി books
വില - Rs. 170/-

1974ൽ കൊല്ലം ജില്ലയിൽ ജനിച്ച ഇന്ദുഗോപൻ നിരവധി കഥകളും നോവലുകളും എഴുതിയിട്ടുണ്ട്. ഒറ്റക്കയ്യൻ എന്ന മലയാളസിനിമയുടെ സംവിധായകനും കൂടിയാണ്.